ജലനിധി :

ചെറുവണ്ണൂർ പഞ്ചായത്തിൽ ഇനി ഒന്നും പൂർത്തിയാക്കാനില്ല. പുതിയതായി നടപ്പാക്കാനും ഒന്നും അവശേഷിക്കുന്നില്ല. കീഴരിയൂർ പഞ്ചായത്തിൽ മേൽപ്പറഞ്ഞ പദ്ധതികളെല്ലാം പൂർത്തീകരിച്ചു വരികയാണ്. കൂടാതെ പേരാമ്പ്രയിലുൾപ്പെടുന്ന ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ മൂന്നാം ബാച്ചിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

ചാലക്കുടി മണ്ഡലത്തിലെ തട്ടുപാറ, പുത്തുരുത്തി തടയണകളുടെ നിർമ്മാണം

207 (896) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ, പരിയാരം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ചാലക്കുടിപ്പുഴയിൽ നിർമ്മിക്കുന്ന തട്ടുപാറ തടയണയുടെ നിർമ്മാണം പ്രവൃത്തികൾ പുനഃരാരംഭിക്കുന്നതിനും, പൂർത്തീകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽപ്പെട്ട പുത്തുരുത്തി തടയണയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. പി. കെ. മോഹനൻ ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾക്ക് ശേഷവും പ്രവൃത്തി പൂർത്തീകരിക്കുവാൻ തയ്യാറാകാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവർത്തിയുടെ കരാർ ഉടമ്പടി റദ്ദ് ചെയ്തു. ടി പ്രവൃത്തിയുടെ ശേഷിക്കുന്ന പ്രവർത്തികളുടെ 108 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തൃശ്ശൂർ മധ്യമേഖല ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

വൈപ്പിൻ മണ്ഡലത്തിലെ കൽച്ചിറകളുടെ നിർമ്മാണം

208 (897) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും കടലും കായലും വലയം ചെയ്തിരിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ എന്നീ പഞ്ചായത്തുകളിൽ കാലഭേദമില്ലാതെ കരയിലേക്ക് വെള്ളം കയറുന്നത് തടയുവാൻ കൽച്ചിറകൾ കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രൂക്ഷമായ പ്രശ്നങ്ങൾ നേരിടുന്ന പ്രസ്തുത പ്രദേശങ്ങളിൽ കൽച്ചിറ കെട്ടുന്നത് സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) കൽച്ചിറ കെട്ടുന്നതിന് പ്രസ്തുത മേഖലയിൽ ഇതുവരെ ഏതൊക്കെ പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പുവർഷം പ്രസ്തുത മേഖലയിൽ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി)

മേഖല	അനുവദിച്ച തുക
വെളിയത്താൻ പറമ്പ്, നായരമ്പലം	13.00 ലക്ഷം
അണിയിൽ, എടവനക്കാട് (between CP stone 4060 & 4062)	11.20 ലക്ഷം
പഴങ്ങാട്, എടവനക്കാട്	7.49 ലക്ഷം
പുത്തൻ കടപ്പുറം, നായരമ്പലം	5.60 ലക്ഷം
എടവനക്കാട്, വൈപ്പിൻ ദ്വീപ് (15 ലക്ഷം രൂപ വീതമുള്ള രണ്ട് പ്രവൃത്തികൾ)	30.00 ലക്ഷം
അണിയിൻ എടവനക്കാട് (between CP stone 1129 & 1130)	15.00 ലക്ഷം

(ഡി) മേൽ പരാമർശിച്ചിരിക്കുന്ന എല്ലാ പ്രവൃത്തികളും പല പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കോൺട്രാക്ടർമാർ ആരുംതന്നെ ഏറ്റെടുക്കാത്തത് കാരണം ടി പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഈ പ്രവൃത്തികൾ എല്ലാംതന്നെ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം

209 (898) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly